# ST. ANTONY'S HSS, AMMADAM THRISSUR



# നിറമ്

# മാഗസിൻ സമിതി അംഗങ്ങൾ

**അനന്തു**

**ആദിത്യൻ**

**ജെറോം**

**ആൻസൺ**

**ദ്വാരക**

**അന്ന**

**ആരതി**

**ആൻതെരേസ്**

**അവിനാശ്**

**അജിത്**

**മഹമ്മദ്**

# എഡിറ്റോറിയൽ

**ഒരു ചരിത്രനിയോഗം പോലെ ഈ അക്ഷരഭൂവിൽ എത്തിച്ചേർന്നപ്പോൾ സ്വപ്നങ്ങളുടെ ഒരു ആകാശഗോപുരം മനസ്സിൽ ഉണ്ടായിരുന്നു. ഓർമ്മകളിൽ കൂടൊരുക്കാൻ ഈ താളുകൾക്ക് കഴിയുമെങ്കിൽ ഞങ്ങൾ കൃതാർത്ഥരാണ്**

**സെൻറ് ആൻറണീസ് ഹൈസ്കൂൾ പറന്നുയരുകയാണ്.....ഇവിടുത്തെ മക്കളുടെ ചിറകിലേറി...... ആയതിൻെറ സ്മൃതിചിത്രങ്ങൾ സംഗമിക്കുകയാണ് ഈ 'നിറവ്' മാഗസിനിലൂടെ.**

**ഈ ചെറുദളങ്ങളെ മനോഹരമാക്കാൻ ഒപ്പം നിന്നവർക്കു...........നന്ദി.**

# വിദ്യാലയപ്രവർത്തനങ്ങൾ ചിത്രങ്ങളിലൂടെ











# ഇ ബുക്കിൽ നിന്ന് ആ ബുക്കിലേക്ക്!

**ഫെയ്സ്ബുക് അടക്കം സമൂഹമാധ്യമങ്ങളിൽനിന്നു കുട്ടികളെ മോചിപ്പിക്കാൻ വായനയുടെ ലോകവുമായി സ്കൂൾ**

ചേർപ്പ് • സമൂഹമാധ്യമങ്ങളുടെ പിടിയിൽനിന്നു കുട്ടികളെ വായന ലോകത്തേക്കു മടക്കിക്കൊണ്ടുപോകാൻ അമ്മാടം സെന്റ് ആന്റണീസ് ഹൈസ്കൂളിൽ 'അക്ഷര സാഗരം' പദ്ധതി. വാട്സാപ്, ഫെയ്സ്ബുക് തുടങ്ങിയ സമൂഹമാധ്യമങ്ങൾക്കായി കുട്ടികൾ വൻതോതിൽ സമയം ചെലവഴിക്കുന്നത് ഒഴിവാക്കാനാണ് പദ്ധതി. ഇതിന്റെ ഭാഗമായി ദിവസവും ഓരോ പിരീയഡ് വായനയ്ക്കു മാറ്റിവച്ചു. കുട്ടികളെ ആകർഷിക്കാൻ അവർക്കിഷ്ടമുള്ള ആനുകാലികങ്ങളും കാർട്ടൂണുകളും ശാസ്ത്ര പുസ്തകങ്ങളും റഫറൻസ് പുസ്തകങ്ങളും സ്കൂളിൽ സജ്ജീകരിച്ചു.

ഒരേ സമയം 100 കുട്ടികൾക്ക് ഉപയോഗിക്കാവുന്ന വിധത്തിൽ ക്ലാസ് മുറികൾക്കു പുറത്താണ് പുസ്തകങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ആദ്യം ചിത്രങ്ങളിലും കാർട്ടൂൺ പുസ്തകങ്ങളിലും മാത്രം ശ്രദ്ധിച്ചിരുന്ന വിദ്യാർഥികൾ പതിയെ വായനയിലേക്കു തിരിഞ്ഞു. സ്കൂൾ സമയത്തിനു ശേഷവും ഒഴിവുസമയത്തും ഇപ്പോൾ വിദ്യാർഥികൾ അക്ഷരസാഗരത്തിൽ എത്തുന്നതായി അധ്യാപകർ പറയുന്നു . വായനശീലം പാറളം പഞ്ചായത്തിൽ മുഴുവൻ വ്യാപിപ്പിക്കാൻ വിവിധ മേഖലകളിൽ മൊബൈൽ ലൈബ്രറികളും ഹൗസ് ലൈബ്രറികളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നതായി കൺവീനർ റെയ്ച്ചൽ വർഗീസ് പറയുന്നു. സംഘടനകളും ക്ലബ്ബുകളും പദ്ധതിയുമായി കൈകോർത്തതോടെ പ്രവർത്തനം വിപുലമായിട്ടുണ്ടെന്നു പ്രധാനാധ്യാപകൻ സ്റ്റെനി ചാക്കോ പറയുന്നു.



അമ്മാടം സെന്റ് ആന്റണീസ് ഹൈസ്കൂളിലെ അക്ഷര സാഗരം പദ്ധതിയോടുബന്ധിച്ച് വിദ്യാർഥികൾ പുസ്തകവായനയിൽ



*Figure 1: BLASDA 2019*

# പാലന പ്രവർത്തനങ്ങൾ



# സയൻസ് ലാബ് ഉദ്ഘാടനം






# കമ്പ്യൂട്ടർ ലാബ് ഉദ്ഘാടനം



*Figure 2: കമ്പ്യൂട്ടർ ബോധവൽക്കരണ ക്ലാസ്സ്*

# ശാന്തഗംഭീരസുരധരണി

പ്രഭാതകിരണങ്ങൾ അവളെ വലയം ചെയ്തു. തണുത്ത ഇളം കാറ്റ് അവളെ തഴുകി തലോടി. അതിന്റെ കൂടെ "അച്ചൂ" എന്നുള്ള വിളിയും. ആ വിളിയിലൂടെ ആ വിളിയിലൂടെ അവളുടെ മയക്കം മെല്ലെ മാഞ്ഞു. അവൾ കണ്ണുകൾ ചിമ്മികൊണ്ട് കണ്ണ് തുറന്നു. പച്ചപ്പട്ടണിഞ്ഞ പാടവരമ്പത്ത് സൂര്യരശ്മികളുടെ തലോടലേൽക്കാൻ വെമ്പുന്ന കേരവൃക്ഷങ്ങൾ, മലനിരകളിനിടയിലൂടെ ഉയർ ന്നുപൊന്തുന്ന സൂര്യഭഗവാൻ, വിരിഞ്ഞ പുഷ്പങ്ങൾ, പറക്കുന്ന പക്ഷികൾ........... ഈ പ്രകൃതി, ഈ ഭൂമി എത്ര സുന്ദരം!!!!!!!!!! "അമ്മേ ഈ ശാന്തഗംഭീരധരണിയെ മനുഷ്യൻ എന്തിന് ആക്രമിക്കുന്നു?" മുഖത്ത് ദുഃഖഭാവത്തോടെ അച്ചു ചോദിച്ചു. അതു കേട്ട് അച്ചുവിന്റെ

സഹോദരി അവിടേക്ക് കടന്നുവന്നു. " അതിനു ഈ കേരളത്തിൽ എന്താണുള്ളത്? എൻെറ കൂട്ടുകാരി അങ്ങ് അമേരിക്കയിൽ പോയിട്ടുണ്ടല്ലോ. എന്തു രസമാ അവിടെ കാണാൻ എന്നാണല്ലോ അവൾ പറഞ്ഞത്."
"കേരളത്തിൽ എന്താണ് ഇല്ലാത്തത്? നമ്മുടെ നാട് ദൈവത്തിൻെറ സ്വന്തം നാടല്ലേ? മലകൾ, പുഴകൾ, പച്ചപ്പട്ടണിഞ്ഞ പാടശേഖരങ്ങൾ.... അമേരിക്കകാർക്കല്ല ആർക്കായാലും കണ്ണുതള്ളിപ്പോകും." അച്ചു തിരിച്ചടിച്ചു.

പിറ്റേദിവസം സ്കൂളിൽ നിന്നും വന്ന അച്ചുവിൻെറ മുഖത്തെ വാട്ടം അമ്മ ശ്രദ്ധിച്ചു. "എന്താ കുട്ടാ നിൻെറ മുഖത്ത് ഒരു വിഷമം?" "നമ്മുടെ പ്രകൃതിയെ നമുക്ക് നഷ്ടപ്പെടും എന്നാ തോന്നുന്നേ. ഞങ്ങളുടെ സ്കൂളിൽ ഇന്നുവന്ന പരിസ്ഥിതിപ്രവർത്തകർ ക്ലാസ്സെടുത്തപ്പോൾ പറഞ്ഞതാ. പ്ലാസ്റ്റിക്കാണ് നമ്മുടെ ഭൂമിയെ നശിപ്പിക്കുന്നത്." ഇതുപറ ഞ്ഞ് നെടുവീർപ്പിട്ടുകൊണ്ട് അവൻ കോലായിൽ ചായയുമായി പോയിരുന്നു. മുറ്റത്ത് പൂത്തുനിൽക്കുന്ന കാശിതുമ്പയോടും, റോസാപ്പൂക്കളോടും കിന്നാരം ചൊല്ലുന്ന ശലഭങ്ങളേയും കണ്ടപ്പോൾ അവൻ ഒന്ന് മനസ്സിലുറപ്പിച്ചു. നമ്മുടെ പ്രകൃതിയെ പ്ലാസ്റ്റിക്കിൽ നിന്ന് രക്ഷിക്കണം. അവൻെറ കുഞ്ഞുമനസ്സിൽ ഒരു പുത്തനാശയം ഉരിത്തിരിഞ്ഞു.

പിറ്റേന്ന് സ്കൂളിലേക്ക് ചെന്നയുടനെ അവനത് സുഹൃത്തുക്കളുമായി പങ്കുവെച്ചു. സയൻസ് ടീച്ചർ ക്ലാസ്സിൽ വന്നയുടനെ അവൻ പറഞ്ഞു. "ടീച്ചർ നമുക്ക് പ്ലാസ്റ്റിക്ക് സഞ്ചികൾക്കു പകരം തുണിസഞ്ചികൾ ഉപയോഗിച്ചുകൂടെ?"
ഈ കുഞ്ഞുചോദ്യം ആ ഗ്രാമത്തെ മുഴുവൻ മാറ്റിമറിച്ചു. പ്ലാസ്റ്റിക്ക് സഞ്ചികൾക്കു പകരം തുണിസഞ്ചികൾ ഉപയോഗിക്കാൻ ആ ഗ്രാമം തയ്യാറായി. പ്ലാസ്റ്റിക്കിനെതിരായ ഈ പ്രവർത്തനം നാടുമുഴുവൻ

**ഏറ്റെടുത്തു. അച്ഛനും കൂട്ടുകാരും അവരുടെ വിദ്യാലയവും ശ്രദ്ധിക്കപ്പെട്ടു. എന്നും പുലരിയും മഞ്ഞും വെയിലും മഴയും സമ്മാനിക്കുന്ന പ്രകൃതിയെ നമുക്കും സംരക്ഷിക്കാം.**

*********************

സിവ്

# സൂര്യഗ്രഹണം

ഇക്കഴിഞ്ഞ ഡിസംബർ ഇരുപത്തിയാറിനിനാണല്ലോ നാം ഒരു സൂര്യഗ്രഹണത്തിന് സാക്ഷ്യം വഹിച്ചത്. ഇത്രയെറെ കൗതുകരവും രസകരവുംമായ സൂര്യഗ്രഹണത്തെപ്പറ്റി നിങ്ങൾക്കു പരിചയപ്പെടുത്തുക എന്നതാണ് ഈ ലേഖനത്തിലൂടെ ലക്ഷ്യമിടുന്നത്. ഒരു വസ്തു മറ്റൊരു വസ്തുവിനെ വലയം ചെയ്യുമ്പാൾ അവ തമ്മിലുള്ള കോൺടാക്റ്റ് മറ്റൊരു വസ്തു മൂലം തടസ്സപ്പെടും ഇതാണ് ഗ്രഹണം. ഗ്രഹണം രണ്ടു തരമുണ്ട് സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും. ചന്ദ്രൻ ഭൂമിയുടെ നിഴലാൽ മറയ്ക്കുമ്പോൾ ചന്ദ്രഗ്രഹണം ഉണ്ടാകുന്നു. ചന്ദ്രന്റെ നിഴൽ ഭൂമിയിൽ വീഴുമ്പോൾ സൂര്യഗ്രഹണം ഉണ്ടാകുന്നു. ഇത് എല്ലാ മാസവും ഉണ്ടാകാറില്ല. സൂര്യനുചുറ്റുമുള്ള ഭൂമിയുടെ ഭ്രമണപഥവും ചന്ദ്രന്റെ ഭ്രമണപഥവും ഒരുപോലെയല്ല.

ഗ്രഹണത്തെ രണ്ട് സ്റ്റേജുകളായാണ് തിരിച്ചിരിക്കുന്നത്.

ഭാഗികം, പൂർണ്ണം. ചന്ദ്രൻ ഭൂമിയെ ഭാഗികമായി മറയ്ക്കുമ്പോൾ ഭാഗിക

സൂര്യഗ്രഹണം നടക്കുന്നു· ചന്ദ്രൻ സൂര്യനെ പൂർണ്ണമായി മറയ്ക്കുമ്പോൾ പൂർണ്ണ ഗ്രഹണം നടക്കുന്നു· ഗ്രഹണത്തെ അനേകം അന്ധവിശ്വാസങ്ങളാണ് സമൂഹത്തിൽ ഉടലെടുക്കുന്നത്· അറിവില്ലായ്മകൊണ്ടാണ് ഇത് നടക്കുന്നത്·

അവയിൽ ചിലതാണ് താഴെ

.1.യു ·എസിലെ ആളുകളെല്ലാം വിശ്വാസിക്കുന്നത് ഗ്രഹണം എന്നത് വരാൻ പോകുന്ന ദുരന്തത്തിന്റെ സൂചനയാണ് എന്നാണ്·

2. രാഹു ,കേതു എന്ന പാമ്പുകൾ സൂര്യനെ വിഴുങ്ങുന്നതുകൊണ്ടാണ് ഗ്രഹണം നടക്കുന്നത് എന്നാണ് ഇന്ത്യാക്കാർ വിശ്വാസിക്കുന്നത്·

3. ഗ്രഹണ സമയത്ത് ചന്ദ്രനും സൂര്യനും തല്ലുകൂടുകയാണ് എന്നാണ് ബറ്റാമാലിബക്കാരുടെ വിശ്വാസം·

4. ഗ്രഹണം രാജാക്കന്മാർക്ക് ദേവന്മാർ നൽകുന്ന ശിക്ഷയാണ് എന്നാണ് ഗ്രീക്കുക്കാരുടെ വിശ്വാസം·

5.ച ന്ദ്രഗ്രഹണസമയത്ത് ചന്ദ്രനെ ഒരു ജാക്വർ ആക്രമിക്കുകയാണ് എന്നാണ് ഇൻകക്കാരുടെ വിശ്വാസം·

ഇത്രയെറെ കൗതുകരമായ ഗ്രഹണം നീരിക്ഷിക്കുക എന്നത്

രസകരമായ ഒരു കാര്യമാണ് അതിനായി നമുക്ക് ചില മുൻകരുതലുകളെടുക്കാം

1. നഗ്നനേത്രങ്ങൾക്കൊണ്ട് ഗ്രഹണം നോക്കാതിരിക്കുക

2. എക്സ് റേ അല്ലെങ്കിൽ പ്ലാസ്റ്റിക്ക് ഫില്ലിംകളിലൂടെ ഗ്രഹണം വീക്ഷിക്കുക

ആൻസൻ

# *മിത്രം*

*ശത്രുവിനോടും സ്നേഹം ! കാട്ടും*

*വൃക്ഷം നമ്മുടെ മിത്രം !*

*വേനൽച്ചൂടിൽ കുളിരു വിതയ്ക്കും*

*വൃക്ഷം നമ്മുടെ മിത്രം !*

*കിളികൾക്കെല്ലാമഭയം നൽകും*

*വൃക്ഷം നമ്മുടെ മിത്രം !*

*കായും കനിയും പൂവും തളിരും*

*ദാനം ചെയ്യും മിത്രം !*

*നട്ടു നനച്ചു വളർത്തുക നമ്മുടെ*

*രക്ഷകനാണീ വൃക്ഷം !*

അലക്സ്



# പ്ലാസ്റ്റിക്ക് എന്ന

# അസുരൻ

ആദ്യകാല മനുഷ്യർ
പ്ലാസ്റ്റിക്കിനെ ചേർത്തുപിടിച്ചു
ഒട്ടുംപിരിയാത്തക്ക വിധം
ഒട്ടുവിലാ പ്ലാസ്റ്റിക്ക്
മനുഷ്യനെവകവരുത്തുന്നു......

അന്ത്യമായപ്പോ ആ പ്ലാസ്റ്റിക്കിനെ
അകറ്റുവാൻ വേണ്ടി
മനുഷ്യർ ശ്രമിക്കുന്നു
അകന്നുപോ പ്ലാസ്റ്റിക്കെ അകന്നുപോകൂ....
ഭൂമിയിൽ നിന്നും അകന്നുപോകൂ.......

അനന്തു

'വായിച്ചാൽ വളരും

നായിച്ചില്ലേൽ വളയും'

# വിദ്യാലയപ്രവർത്തനങ്ങൾ

# ചിത്രങ്ങളിലൂടെ










# പഠനയാത്ര



## അക്ഷരസാഗരം-ഹോം ലൈബ്രറി ഉദ്ഘാടനം



# കൊലകൊമ്പൻ

കരിമ്പാറ കുലുങ്ങിക്കൊണ്ടി-

താ വരുന്നേ,

കരിമ്പിന്റെ കൃഷിത്തോട്ട-

മൊടിച്ചൊതുക്കി,

മദം പൊട്ടി മതിൽ പൊട്ടി-

ച്ചുറക്കെച്ചിന്നം

വിളിച്ചും കൊണ്ടടുത്തെത്തി-

യൊളിച്ചോവേഗം!

മയക്കിന്റെ വെടിവച്ചു

മയക്കി നോക്കിൻ!

കൊഴുക്കട്ടെ,അവിൽ, പഴം

കൊടുത്തു നോക്കിൻ!

മയക്കം വിട്ടുണരുമ്പോൾ ഇവൻ

പാവത്താൻ,

പെരും ചങ്ങലയെടുത്തോളിൻ

പിടിച്ചു കെട്ടാൻ

അജിത്

mooi

# പരസ്യം എന്ന മായിക ലോകം

പരസ്യങ്ങളുടെ ലോകത്താണ് നാം ഇന്ന് ജീവിക്കുന്നത്. പരസ്യത്തിൽ കാണുന്നതെല്ലാം വിശ്വസിക്കുന്ന തലമുറയാണ് ഇന്നുള്ളത്. പരസ്യങ്ങളുടെ ലോകം മായാവലയമാണ്. പരസ്യങ്ങൾ എത്രമാത്രം ഓരോ വ്യക്തിയുടേയും ജീവിതത്തെ സ്വാധീനിക്കുന്നു എന്നു പറഞ്ഞ് അറിയിക്കേണ്ടതില്ലല്ലോ. പരസ്യമെന്ന മായലോകത്ത് കാണുന്ന ദൃശ്യവിസമയങ്ങളിൽ നാം പെട്ടുപോകുന്നു. ഏതൊരു വസ്തുവിനും വിപണി കീഴടക്കണമെങ്കിൽ പരസ്യം കൂടിയേ തീരു എന്ന നിലയിൽ എത്തിയിരിക്കുന്നു. കുറേക്കാലം ഉപയോഗിച്ചു കഴിയുമ്പോഴാണ് വസ്തുവിന് പരസ്യത്തിൽ പറയുന്ന ഗുണമില്ലെന്ന് അറിയുന്നത്.

അപ്പോഴേക്കും അത് ഒരു ശീലമായിരിക്കും. പിന്നെ തിരിച്ചു പോരാനാവില്ല. അങ്ങനെ പരസ്യം എന്ന മായാവലയിൽ ഒരു ഇരയായി നമ്മളും പെട്ടുപോകും.

അന്ധമായ അനുകരണ ഭ്രമമാണ് പരസ്യങ്ങളുടെ പിന്നാലെ പോകാൻ നമ്മെ പ്രേരിപ്പിക്കുന്ന മറ്റൊരു ഘടകം. പരസ്യത്തിന്റെ പിന്നാലെപോയി അമളിപ്പറ്റിയവർ ആ കാര്യം പുറത്തുപ്പറയുന്നില്ല.അനുകരണഭ്രാന്തുമൂലം ഉല്പന്നത്തിന്റെ ഉപയോഗമൂല്യം,ഗുണം,ദോഷങ്ങൾ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് യാതൊരു ചിന്തയുംമില്ലാതെയാണ് നാം പരസ്യത്തിന്റെ വലയിൽ വീണുപോകുന്നത്.

ഭംഗി,എളുപ്പം,സുഖം,എന്നിവയാണ് പരസ്യങ്ങൾ പ്രധാന്യമായും മുന്നോട്ട് വയ്ക്കുന്നത്.നാം ഇഷ്ടപ്പെടുന്ന നമ്മെ സ്വാധീനിക്കുന്ന വ്യക്തികൾ മുഖേനയായിരിക്കുംമിക്ക പരസ്യങ്ങളും അവതരിപ്പിക്കപ്പെടുന്നത്.കേരളം ഒരു ഉപപോക്ത സംസ്ഥാനമായി മാറിയിരിക്കുന്നു. നാം പരസ്യകെ-ണിയിൽ വീഴുന്നു എന്നാണിതിന്റെ അർത്ഥം

അറിവു പകരുന്ന,നേർവഴിക്ക് നടത്തുന്ന പരസ്യങ്ങളെ അവകണിക്കേണ്ടതില്ല.തലതിരിഞ്ഞ മനോഭാവമാണ് മലയാളികളുടെ കുഴപ്പം. വേണ്ടതും വേണ്ടാത്തതും തിരിച്ചറിയാനുള്ള കഴിവാണ് പരസ്യത്തിന്റെ കാര്യത്തിൽ നമുക്കാവശ്യം. കേരളീയർ കൂടുതലും അണിഞ്ഞൊരുങ്ങാനും മറ്റുള്ളവരുടെ മുൻപിൽ ആഡംഭരമായി ജീവിക്കാനും താല്പര്യം കാണിക്കുന്നവരുമാണ് മുഖത്ത് ഭംഗി കൂട്ടാനും മുഖക്കുരു കളയാനുമെല്ലാം പരസ്യത്തിൽ കാണുന്ന ഫെയ്സ്പാക്ക് വാങ്ങി ഉപയോഗിക്കുന്ന മലയാളി എത്ര സൗന്ദര്യപ്രേമിയാണെന്ന് നമുക്ക് ഊഹിച്ച-റിയാം.

പരസ്യങ്ങളുടെ നേരും നുണയുമറിയാൻ മലയാളി ശ്രമിക്കുന്നില്ല എന്നതാണ് വാസ്തവം. ആർഭാടജീവിതം നയിക്കാൻ ഇഷ്ടപ്പെടുന്ന മലയാളി പരസ്യങ്ങളുടെ വലയിൽ അകപ്പെടുന്നു.ഒരു ഉത്പ്പന്നം ഗുണമുള്ളതോ അല്ലാത്തതോ ആയിരുന്നാലും അതിനോടൊപ്പം എന്തെങ്കിലും സൗജന്യമുണ്ടെങ്കിൽ ആ ഉത്പ്പന്നം മലയാളികളിൽ ഭൂരിഭാഗവും വാങ്ങും. മലയാളികളുടെ ഈ ദൗർബല്യത്തെ മുതലെടുക്കാനാണ് പരസ്യകമ്പനികൾ ശ്രമിക്കുന്നത്.

ചിന്തിക്കാതെ പരസ്യത്തിന് പിന്നാലെ പോയി പണവും സമയവും നഷ്ടപ്പെടുത്തുന്നവർ ധാരാളമാണ്. നമ്മുടെ പ്രധാന പ്രശ്നം പരസ്യങ്ങളിൽ പ്രചരിക്കുന്ന ഉൽപ്പന്നം  വാങ്ങി ഉപയോഗിക്കുകയും അതിന് അടിമപ്പെടുകയുമാണ് പരസ്യങ്ങളുടെ പ്രധാന ഉദ്യമം ഉൽപ്പന്നത്തെകുറിച്ച് ജനങ്ങളെ അറിയിക്കുകയാണ്.

ആദിത്യൻ

## ഈ കഥയിൽ

ഈ കഥയിൽ നേരിൻ അനുഭവങ്ങൾ
ആരും അറിയാ വേദനകൾ
ഒരു മയിൽ പീലിതൻ നൊമ്പരങ്ങൾ
അതിൽ അലിയും ആത്മാവിൻ പിടയലുകൾ
മാരിവില്ലിൻ ഏഴ വർണ്ണം
വിതറും നൽ സന്തോഷം
അതിനും മുൻപായ് അലറും കാറ്റിൽ
കൊഴിയും ചെറു മുകുളങ്ങൾ
വിരിയും പൂവിൻ മുട്ടുകൾ തന്നിൽ
പിടയും നൽ തുടിപ്പുകൾ
അറിഞ്ഞോ നീയറിഞ്ഞോ

# ചിതറും തലയോട്ടിതൻ എണ്ണം
# കാശ്മീരും പാകിസ്ഥാനും
# ഉദയസൂര്യനിൽ നിൻ മുഖം

**ആരതി**

# മറയാത്ത സത്യം

# അമ്മയെന്ന സത്യം

അമ്മയുടെ ഉദരത്തിലായിരുന്ന നിമിഷം മുതൽ.
ഞാൻ അമ്മയുടെ സുഖദുഃഖമെല്ലാം അറിഞ്ഞു തുടങ്ങി.

മാനവകുലത്തിന്റെ രക്ഷയ്ക്കായി.
ക്രൂശിലേറ്റപ്പെട്ട കർത്താവിനെയെപ്പോലെ.
എൻ മാതാവെന്നെ വളർത്തി.

എന്റെയമ്മയെന്നും കൂട്ടുക്കാരിയായി.
സ്നേഹത്തിൻ മതിൽക്കെട്ടുകൾക്കുള്ളിൽ.
കണ്ണുകൾ നിറയാതെയെന്നും എന്നെ
സ്നേഹവാത്സല്യങ്ങളാൽ പൊതിഞ്ഞെന്നെ
മാറോടു ചേർത്തു പിടിച്ചിരുന്നു.
ത്യാഗത്തിൻ പരിവേഷമണിഞ്ഞ്.
കണ്ണുനീരാൽ കണ്ണെഴുതി
നിറമിഴിയോടെ നിൽക്കുന്ന അമ്മയെയാണ്.
ഞാനെന്നും കാണുന്നതും
എനിക്ക് മാതൃയാകുന്നതും
അമ്മിഞ്ഞപ്പാലിൽ മാധുര്യമെൻ
ചുണ്ടിൽ നിന്നും മായുന്നതുവരെ
അമ്മയെന്ന നിത്യസത്യം.

---

മുഹമ്മദ്

# രണ്ട് സുഹൃത്തുക്കൾ

പ്രാവും പൂവൻകോഴിയും കൂട്ടുകാരായിരുന്നു. അടുത്തടുത്ത വീടുകളിലാണ് താമസം. എന്നും അവർ ഒത്തുകൂടി രസകരമായ പല കഥകളും കൈമാറും. ഒരു ദിവസം പൂവൻകോഴി ആപത്തിൽ പ്പെട്ടു. ഒരു കുറുക്കൻ പതുങ്ങി പതുങ്ങി വന്ന് അതിനെ പിടിച്ച് ഒരു ചാക്കിൽ കെട്ടി യാത്രയായി. പാവം പൂവൻ! ആ ചാക്കിൽ കിടന്ന് നിലവിളിച്ചു. പക്ഷെ എന്തു ഫലം? കുറുക്കനുണ്ടോ വിടുന്നു.

പൂവൻകോഴിയുടെ നിലവിളി പ്രാവ് കേട്ടു. അതിനു കാര്യം മനസ്സിലായി. എങ്ങനെയെങ്കിലും കൂട്ടുകാരനെ രക്ഷിക്കണം. പക്ഷെ എങ്ങനെ? മനസ്സുണ്ടെങ്കിൽ മാർഗ്ഗവും ഉണ്ടല്ലോ! അത് ഒരു വഴി കണ്ടെത്തി. പ്രാവ് കുറുക്കന്റെ മുകളിലൂടെ പറന്ന് അല്പം അകലെയായി പറന്നുവീണു. എന്നിട്ട് ചലനമറ്റതുപോലെ കിടന്നു. കുറുക്കനു

സന്തോഷമായി. ചാക്കിൽ കിടക്കുന്ന പൂവൻ കോഴി, മുമ്പിലിതാ ഒരു പ്രാവ് ചത്തു വീണിരിക്കുന്നു. ഇന്നത്തെ കാര്യം കുശാൽ കുറുക്കൻ ചാക്ക് തറയിൽ ഇട്ടു. ചത്തുകിടക്കുന്ന പ്രാവിനെ എടുക്കാനായി നടന്നു. ചാക്ക് നിലത്തിട്ട് കാര്യം പൂവൻകോഴി മനസ്സിലാക്കി. പതുക്കെ ചാക്കിൽ നിന്നിറങ്ങി, അടുത്ത് പൊന്തക്കാട്ടിൽ ഒളിച്ചു . കുറുക്കൻ ചത്തുകിടക്കുന്ന പ്രാവിന്റെ അടുത്തെത്തി. എടുക്കാൻ വേണ്ടി കൈ നീട്ടി .അപ്പോഴതാ ചത്ത പ്രാവ് പറക്കുന്നു.. അവൻ ഞെട്ടി പോയി.

ഹാ.......! പ്രാവ് പോയെങ്കിൽ പോട്ടെ കോഴിയുണ്ടല്ലോ.അവൻ തന്റെ ചാക്കെടുത്തു.ഹേ! ഭാരമില്ല. കോഴിയും പോയി.അവൻ അവിടെയെല്ലാം നോക്കി ഇല്ല. ഒരിടത്തും കാണാനില്ല. അങ്ങനെ പ്രാവ് പൂവൻ കോഴിയെ

രക്ഷിച്ചു . അത്യാഗ്രഹം കൊണ്ട് കുറുക്കന് കോഴിയെ നഷ്ടമാവുകയും ചെയ്തു.

*ദ്വാരക*

## <u>എന്റെ കൂട്ടുകാരൻ</u>

എന്റെ കൂട്ടുകാരൻ എന്നെ ആപത്തുകളിൽനിന്നും
രക്ഷിക്കും
എന്റെ കൂട്ടുകാരൻ എന്നെ നല്ലവഴിക്ക് നടത്തും
എന്റെ കൂട്ടുകാരൻ എന്നെ പ്രശ്നങ്ങളിൽനിന്നും
രക്ഷിക്കും

എന്റെ കൂട്ടുകാരൻ !ഞാൻ അവനെ ജീവനോളം
സനേഹിക്കും
അവൻ എനിക്ക് അമ്മയെപ്പോലെയാണ്
എനിക്ക് എല്ലാ കാര്യങ്ങളും അവൻ പറഞ്ഞു
മനസ്സിലാക്കിത്തരും
എന്റെ എല്ലാ കാര്യങ്ങളും എനിക്ക് അചഛനെപ്പോലെ നിന്ന്
നടത്തിതരും
എന്റെ കൂട്ടുകാരൻ എന്നത് എനിക്ക് സ്നേഹത്തിന്റെ
പ്രതിനിധിപ്പോലെയാണ്

**ആൻതെരേസ്**

# <u>കൃഷിക്കാരനും മക്കളും</u>

വളരേ കാലം മുൻപ് ഒരു ധനികനായ കൃഷിക്കാരൻ ഉണ്ടായിരുന്നു അദ്ദേഹം പലപ്പോഴും ചിന്തിക്കുമായിരുന്നു "അദ്ദേഹം ഇനി അധികകാലം ജീവിക്കുകയില്ലെന്ന്." അതുകൊണ്ട് അദ്ദേഹത്തിന്റെ മൂന്നുമക്കളേയും വിളിച്ചു പറഞ്ഞു "എന്റെ മക്കളേ നിങ്ങൾ നമ്മുടെ വയലുകൾ ആർക്കും കൊടുക്കരുത്. ഇത് തലമുറകളായി നമ്മുക്കു ലഭിക്കുന്നതാണ്. അതുകൊണ്ട് ആ വയൽ ആർക്കും കൊടുക്കരുത് ഇത് നമ്മുക്ക് തലമുറക്കളായി നമ്മുക്ക് ലഭിക്കുന്നതാണ് ആ വയലിൽ ഒരു നിധിയുണ്ട് .ആ നിധി അധികം താഴെയല്ല എന്നാൽ അവിടുന്ന് കിട്ടിയില്ലെങ്കിൽ വേറെ സ്ഥലത്ത് നോക്കണം. ഇത് പറഞ്ഞ് ഒരു ദിവസത്തിനു ശേഷം കൃഷിക്കാരനായ അച്ഛൻ മരിച്ചു. മൂന്നു മക്കളും വയലിലേക്കു പോയി അവിടെ നിധി അന്വേഷിച്ചു. പക്ഷേ ലഭിച്ചില്ല അവർ വീണ്ടും പരിശ്രമിച്ചു എന്നിട്ടും ലഭിച്ചില്ല. പിന്നേ അവർ കുഴിച്ച സ്ഥലത്ത് ധാന്യങ്ങൾ വിതച്ചു. ആ ധാന്യങ്ങൾ വളർന്നു വലുതായി. അത് സ്വർണ്ണ നിറങ്ങളാൽ അലങ്കരിക്കപ്പെട്ടിരുന്നു. അത് കണ്ടപ്പോൾ അവരുടെ മനസ്സിൽ സന്തോഷം നിറഞ്ഞു. പിന്നെ അവർക്കു മനസ്സിലായി അച്ഛൻ പറഞ്ഞത് ശരിയാണെന്ന്, എന്നിട്ടവർ അവരുടെ അച്ഛനെ നോക്കി കരഞ്ഞു.....

<u>**ജെറോം**</u>

# കൃതജ്ഞത

**ഈ ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കാൻ യത്നിച്ച ഒരുപാട്ട പേരുണ്ട്. എല്ലാവർക്കും നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിച്ചുകൊണ്ട് നിർത്തട്ടെ........**

നിറവ്